# India conveys its strong concern to Pakistan on the terror attack planned by JeM in the UT of Jammu and Kashmir

November 21, 2020

---

## ജമ്മു കശ്മീരിലെ കേന്ദ്ര ഭരണ പ്രദേശങ്ങളിൽ JeM ആസൂത്രണം ചെയ്‌ത തീവ്രവാദ ആക്രമണത്തിൽ ഇന്ത്യ തങ്ങളുടെ ആശങ്ക പാകിസ്‌താനെ അറിയിച്ചു.

നവംബർ 21, 2020

2020 നവംബര് 19 നു ജമ്മുകശ്മീരിലെ നാഗോർതയിൽ ഇന്ത്യൻ സുരക്ഷാ സൈനികർ ഒരു വലിയ തീവ്രവാദ ആക്രമണത്തിന് തടയിട്ടിരുന്നു. അമേരിക്കയും മറ്റനേകം രാജ്യങ്ങളും നിരോധിച്ചിട്ടുള്ള പാകിസ്ഥാൻ അടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന ഒരു തീവ്രവാദ സംഘടനയായ ജെയ്ഷ്- ഇ- മുഹമ്മദ് ആണ് ഇതിനു പിന്നിലെന്നാണ് പ്രാഥമിക റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്.ഇന്ത്യയിൽ JeM നടത്തുന്ന ആക്രമണങ്ങളിൽ ഇന്ത്യൻ ഭരണകൂടം ഗൗരവതരമായ ആശങ്ക പ്രകടിപ്പിച്ചു.

2019 ലെ പുൽവാമ ആക്രമണം ഉൾപ്പടെ ഇന്ത്യയിൽ മുൻകാലങ്ങളിൽ നടന്ന പല ആക്രമണനകളിലും JEM ഭാഗഭാക്കായിരുന്നു. ജമ്മു കശ്മീരിലെ കേന്ദരഭരണ പ്രദേശങ്ങളിൽ സമാധാനവും സുരക്ഷയും അസ്ഥിരമാക്കുന്നതിനും, പ്രത്യേകിച്ചും ജനാധിപത്യപരമായ പ്രാദേശിക ഡിസ്ട്രിക്ട് ഡവലപ്മെന്റ് കൗൺസിൽ തിരഞ്ഞെടുപ്പുകളിൽ നിന്നും വ്യതിചലിപ്പിക്കുന്നതിനും വേണ്ടിയുള്ള ഗൗരവതരമായ ആക്രമണത്തിന്റെ വിശദമായ ആസൂത്രണമാണ് കണ്ടെടുക്കപ്പെട്ട ആയുധങ്ങൾ, സ്ഫോടകവസ്തുക്കൾ എന്നിവയുടെ വമ്പിച്ച ശേഖരം സൂചിപ്പിക്കുന്നത്.

വിദേശകാര്യമന്ത്രാലയത്തിൽ നിന്നും പാകിസ്ഥാൻ സ്ഥാനപതിയെ വിളിപ്പിക്കുകയും ഇന്ത്യൻ സുരക്ഷാ സൈനികരുടെ ജാഗ്രത കൊണ്ട് മാത്രം നിഷ്ഫലമായി പോയ അക്രമണത്തെക്കുറിച്ചു ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുകയും ചെയ്തു. തീവ്രവാദത്തെ പിന്തുണയ്ക്കുന്ന നയം പാകിസ്ഥാൻ നിർത്തണമെന്നും തീവ്രവാദ ഗ്രുപ്പുകൾ തങ്ങളുടെ പ്രവിശ്യയിൽ പ്രവർത്തിക്കുന്നത് നിരോധിക്കണമെന്നും മറ്റു രാജ്യങ്ങൾക്കു നേരെ ആക്രമണം നടത്തുന്നതിന് തീവ്രവാദികൾ സൂക്ഷിക്കുന്ന ഘടനകൾ നശിപ്പിക്കണമെന്നും പാകിസ്താനോട് ആവശ്യപ്പെട്ടു.ഇന്ത്യയിലേക്ക് ഏതൊരു തരത്തിലുമുള്ള തീവ്രവാദ പ്രവർത്തനം നടത്താൻ തങ്ങളുടെ പ്രവിശ്യയിൽ അനുവദിക്കാത്ത രീതിയിൽ ഉഭയകക്ഷി പ്രതിബദ്ധതയും അന്തരാഷ്ട്ര ചുമതലകളും പാകിസ്ഥാൻ പൂർത്തിയാക്കണമെന്നും ഉള്ള തങ്ങളുടെ ദീഘകാലമായുള്ള ആവശ്യം ഇന്ത്യ ആവർത്തിച്ചു.

തീവ്രവാദപ്രവർത്തങ്ങൾക്ക് എതിരായി ദേശീയ സുരക്ഷാ സംരക്ഷിക്കുന്നതിന് ആവശ്യമായ എല്ലാ നടപടികളും സ്വീകരിക്കാൻ ഇന്ത്യ ശക്തമായ പ്രതിബദ്ധത രേഖപ്പെടുത്തി.

**ന്യൂ ഡൽഹി**
**21 നവംബർ, 2020**

DISCLAIMER: This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.